# കാലിക്കറ്റ് സർവ്വകലാശാല

**സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ**

SDE/D3/Gem/Adm/13 Dated: 23.07.2013

## പത്രക്കുറിപ്പ്

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

കാലിക്കറ്റ് സർവ്വകലാശാല വിദൂരവിദ്യാഭ്യാസം അംഗീകൃത പ്രോഗ്രാം സെന്ററായ മലബാർ ഗോൾഡ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട്, 2013-ലെ ഡിപ്ലോമ ഇൻ ജെമ്മോളജി കോഴ്സിന്റെ പ്രവേശനത്തിനായി +2/തത്തുല്ല്യ യോഗ്യതയുള്ളവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. സെപ്തംബർ 10ാം തിയ്യതി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് ഹൗസിൽ നടക്കുന്ന ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ഒബ്ജക്ടീവ് മാതൃകയിലുള്ള (പ്ലസ് ടു അടിസ്ഥാനം) പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

അപേക്ഷകർ ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്. കാലിക്കറ്റ് സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റായ 'www.universityofcalicut.info' യുടെ ഹോം പേജിലുള്ള SDE Entrance Exam 13 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ അപേക്ഷിക്കേണ്ട വിധവും അപേക്ഷ ഫോമും ലഭ്യമാവും.ഓൺലൈനായി അപേക്ഷിക്കുന്നതിനുമുമ്പായിഅപേക്ഷാഫീസായ 200/- (ഇരുന്നൂറു) രൂപയുടെ ചലാൻ (ഡി.ഡി സംസ്ഥാനത്തിനുപുറത്തുള്ളവർ മാത്രം) അടക്കേണ്ടതും സ്വന്തം പാസ്പോർട്ട്സൈസ് ഫോട്ടോ അപ്ലോഡ് ചെയ്യുന്നതിനായി കരുതേണ്ടതുമാണ്. ഓൺലൈനായി ഫൈൻ ഇല്ലാതെ ആഗസ്ത് 26 വരെയും 100/- രൂപ പിഴയോടുകൂടി ആഗസ്ത് 31 തിയ്യതിവരെയും അപേക്ഷിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പരിക്ഷാഫീസടച്ച ഒറിജിനൽ ചലാൻ സഹിതം യൂണിവേഴ്സിറ്റിയുടെ വിദൂരവിദ്യാഭ്യാസം ഓഫീസിൽ സെപ്തംബർ 3-ാം തിയ്യതിക്കകം സമർപ്പിക്കേണ്ടതാണ്.

**ഡയറക്ടർ**